**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5721** **24-03-2025 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് മേഖലയിലെ ശരാശരി തൊഴിൽ ദിനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ എത്രപേർ പണി എടുക്കുന്നുണ്ടെന്ന വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS), അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (AUEGS) എന്നിവ പ്രകാരം സംസ്ഥാനത്ത് പണിയെടുക്കുന്ന തൊഴിലുറപ്പ് തൊഴിലാളികളുടെ നിലവിലെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | തൊഴിലുറപ്പ് മേഖലയിൽ ശരാശരി എത്ര തൊഴിൽ ദിനങ്ങളാണ് നിലവിൽ നൽകാൻ കഴിയുന്നതെന്നും ആയത് വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നുമുള്ള വിവരം ജില്ല തിരിച്ച് അറിയിക്കാമോ? | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഒരു ആവശ്യാധിഷ്ഠിത പദ്ധതി ആയതിനാൽ തന്നെ എല്ലാ ജില്ലകളിലെയും ഗ്രാമപഞ്ചായത്തുകളിൽ തൊഴിലാളികൾ ആവശ്യപ്പെടുന്നതിനുസൃതമായി തൊഴിൽ ദിനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനായി ആവശ്യമായ പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുകളിൽ ഉണ്ട് എന്ന് ജില്ല തലത്തിൽ ഉറപ്പ് വരുത്തുന്നുണ്ട്. അപേക്ഷ നൽകി 15 ദിവസത്തിനകം തൊഴിൽ ലഭ്യമാകാത്ത കുടുംബങ്ങൾക്ക് തൊഴിലില്ലായ്മ വേതനവും നൽകുന്നുണ്ട്.<br><br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള എല്ലാ പ്രവർത്തികളും സംസ്ഥാന സർക്കാരിന്റെ പദ്ധതിയായ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വരുന്നു. ക്ഷീര കർഷകർ, PMAY-LIFE പദ്ധതി, MCF/MRF നിർമ്മാണം എന്നിവ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയതിലൂടെ ഗണ്യമായ രീതിയിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. സർക്കാർ എല്ലാ സാമ്പത്തിക വർഷവും മുൻ വർഷത്തെക്കാൾ കൂടുതൽ തുക അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നിർവ്വഹണത്തിനായി അനുവദിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ഈ സാമ്പത്തിക വർഷത്തെ ശരാശരി തൊഴിൽ ദിനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം-2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-1

| ജില്ല | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി |
|---|---|---|
| തിരുവനന്തപുരം | 180235 | 6757 |
| കൊല്ലം | 149790 | 4355 |
| പത്തനംതിട്ട | 49980 | 3436 |
| ആലപ്പുഴ | 151802 | 3287 |
| കോട്ടയം | 56703 | 2468 |
| ഇടുക്കി | 117804 | 1135 |
| എറണാകുളം | 68745 | 4167 |
| തൃശ്ശൂർ | 89817 | 4223 |
| പാലക്കാട് | 165698 | 4141 |
| മലപ്പുറം | 96292 | 4434 |
| കോഴിക്കോട് | 151930 | 4418 |
| വയനാട് | 70784 | 2575 |
| കണ്ണൂർ | 92674 | 7851 |
| കാസർഗോഡ് | 80865 | 2681 |
| ആകെ | **1523119** | **55928** |

**അനുബന്ധം-2**

| ജില്ല | തൊഴിൽ ദിനങ്ങൾ (എം.ജി.എൻ.ആർ.ഇ.ജി.എസ്) | തൊഴിൽ ദിനങ്ങൾ (അയ്യങ്കാളി) |
|---|---|---|
| തിരുവനന്തപുരം | 75.63 | 23.85 |
| കൊല്ലം | 67.86 | 37.41 |
| പത്തനംതിട്ട | 64.25 | 22.26 |
| ആലപ്പുഴ | 72.13 | 37.14 |
| കോട്ടയം | 63.50 | 52.97 |
| ഇടുക്കി | 56.77 | 32.77 |
| എറണാകുളം | 64.50 | 42.98 |
| തൃശ്ശൂർ | 52.97 | 46.56 |
| പാലക്കാട് | 48.94 | 46.24 |
| മലപ്പുറം | 64.87 | 70.41 |
| കോഴിക്കോട് | 71.51 | 42.82 |
| വയനാട് | 70.89 | 29.51 |
| കണ്ണൂർ | 62.70 | 32.47 |
| കാസർഗോഡ് | 60.64 | 17.76 |
| ആകെ | **64.69** | **38.68** |